# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 14**

---

## കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം; അക്കാദമിക് സമൂഹത്തിൻറെ പങ്കാളിത്തം പ്രധാനമെന്ന് ജില്ലാ കളക്ടർ

കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള സമീപന രീതി ചിട്ടപ്പെടുത്തുന്നതിൽ അക്കാദമിക് മേഖലയ്ക്ക് പ്രധാന പങ്കു വഹിക്കാനാകുമെന്ന് ജില്ലാ കളക്ടർ വി. വിഗ്നേശ്വരി പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്തർ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ-സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നയരൂപീകരണ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ.

ആരോഗ്യ പരിക്ഷയ്ക്കു പുറമെ കുടിയേറ്റ തൊഴലാളികളുടെ പൊതുവായ സാമൂഹിക സുക്ഷയ്ക്കു കൂടി പരിഗണ നൽകേണ്ടതുണ്ട്. ഇതു സംബന്ധിച്ച് വിശദ പഠനം നടത്താൻ അക്കാദമിക് സമൂഹം തയ്യാറാകണം. സമാനമായ വിഷയങ്ങൾ കൈകാര്യം ചെയ്തപ്പോൾ പാശ്ചാത്യ രാജ്യങ്ങൾ നേരിട്ട തിരിച്ചടികൾകൂടി കണക്കിലെടുത്തുകൊണ്ടുള്ളതായിരിക്കണം ഇത്തരം പഠനങ്ങൾ- കളക്ടർ നിർദേശിച്ചു

സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. ന്യൂ ഡൽഹിയിലെ ദിശ ഫൗണ്ടേഷൻ ഡയറക്ടർ ഡോ. അഞ്ജലി ബോർഹഡെ വിഷയം അവതരിപ്പിച്ചു. എം.ജി. സർവകലാശാലയിലെ സയൻസ് ആൻറ് എൻജിനീയറിംഗ് റിസർച്ച് ബോർഡ്(സെർബ്) പ്രോജക്ട് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. എം.വി. ബിജുലാൽ, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് ഡയറക്ടർ പ്രഫ. സി. വിനോദൻ , സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, സെർബ് പ്രോജക്ട് കോ ഇൻവെസ്റ്റിഗേറ്റർ പി പി നൗഷാദ് എന്നിവർ സംസാരിച്ചു.

സെർബ് പ്രോജക്ട്, ദിശ ഫൗണ്ടേഷൻ, സെൻറർ ഫോർ മൈഗ്രേഷൻ പോളിസി ആൻറ് ഇൻക്ലൂസീവ് ഗവേണൻസ് എന്നിവ സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ വകുപ്പുകളുടെ മേധാവികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ, ഗവേഷകർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്തർ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ-സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നയരൂപീകരണ ശിൽപ്പശാല ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉദ്ഘാടനം ചെയ്യുന്നു.ഡോ. എം.വി. ബിജുലാൽ, പ്രഫ. പി.പി. നൗഷാദ്, അഡ്വ. റെജി സക്കറിയ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, പ്രഫ. സി. വിനോദൻ, ഡോ. അഞ്ജലി ബോർഹഡെ എന്നിവർ സമീപം.

(പി.ആർ.ഒ/39/820/2023)

## സർവകലാശാലയിലെ വകുപ്പുകളിൽ പി.ജി; ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർനാഷണൽ ആൻഡ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ എം.ടെക് പോളിമർ സയൻസ് ആൻറ് എൻജിനീയറിംഗ് കോഴ്സിൽ പട്ടികജാതി, പട്ടികവർഗക്കാർക്ക് സംവരണം ചെ്തവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ iiucnn.mgu.ac.in എന്ന വെബ് സൈറ്റിൽ. അർഹരായ വിദ്യാർഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ 19 ന് 10.30ന് സെൻറർ ഓഫീസിൽ(റൂം നന്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) നേരിട്ട് ഹാജരാകണം.

അഭിമുഖത്തിൻറെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഫോൺ:9497812510, 9400552374

......................................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.എ(എസ്.ഡബ്ല്യു.ഡി.എസ് ആൻറ് എ) 2023-24 ബാച്ചിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 18ന് രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം.

...................................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസിന് എസ്.സി വിഭാഗത്തിൽ നാലും എസ്.ടി വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്.

സർവകലാശാല അംഗീകരിച്ച ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.സി.എ അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദം ഉള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 19ന് രാവിലെ 11ന് നേരിട്ട് ഹാജരാകണം. ഫോൺ: 6238297873.

............................................

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ 2023 അധ്യയന വർഷത്തെ എം.എഡ് പ്രവേശനം ജൂലൈ 18,19 തീയതികളിൽ നടക്കും. പ്രൊവിഷണൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അഡ്മിഷൻ മെമ്മൊ ഇ-മെയിലിൽ ലഭിക്കും. മെമ്മൊയിൽ നിർദേശിച്ചിട്ടുള്ള തീയതിയിൽ രേഖകൾ സഹിതം ഹാജരാകണം.

ഫോൺ: 0481 2731042, ഇമെയിൽ:sps@mgu.ac.in, വെബ്സൈറ്റ്:www.sps.mgu.ac.in

(പി.ആർ.ഒ/39/821/2023)

## <u>എം.എസ്.സി എഐ ആൻറ് റോബോട്ടിക്സ്; സീറ്റൊഴിവ്</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്(2023 അഡ്മിഷൻ) ബാച്ചിലേക്ക് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

അർഹരായ വിദ്യാർഥികൾ യോഗ്യതാ ബിരുദ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ഡിഗ്രി അല്ലെങ്കിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകൾ, ഇക്വലൻസി അല്ലെങ്കിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്(ആവശ്യമെങ്കിൽ) എന്നിവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സെറ്റ് പകർപ്പും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകളും 2760 രൂപ അഡ്മിഷൻ ഫീസും സഹിതം ജൂലൈ 18ന് ഉച്ചയ്ക്ക് ഒന്നിനു മുൻപ് കൺവെർജൻസ് അക്കാഡമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 514) നേരിട്ടു ഹാജരാകണം.

ഫോൺ: 9895459052, 9605295506.

(പി.ആർ.ഒ/39/822/2023)

## <u>പ്രാക്ടിക്കൽ</u>

എം.എഫ്.എ കോഴ്സിൻറെ ഒന്ന്, രണ്ട് സെമസ്റ്റർ (2021,2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി), ഒന്നാം വർഷം(20162018 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 19 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

................

ബി.എ സൈക്കോളജി മോഡൽ 1 ആനുവൽ സ്കീം പാർട്ട് 3 മെയിൻ അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് - ഡിസംബർ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 19ന് ആലുവ യു.സി കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.................

നാലാം സെമസ്റ്റർ ബി.വോക് സ്പോർട്ട്സ് ന്യൂട്രീഷൻ ആൻഡ് ഫിസിയോതെറാപ്പി - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20,21 തീയതികളിൽ പാലാ അൻറഫോൻസാ കോളജിൽ നടക്കും.

(പി.ആർ.ഒ/39/823/2023)

## <u>പരീക്ഷാ ഫലം</u>

2023 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ്, എം.എസ്.സി സൈക്കോളജി, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

....................

മൂന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ തമിഴ് - മാർച്ച് 2023(പി.ജി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.......................

2023 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ഡാറ്റാ അനലിറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/824/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**